**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3319** **15-02-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കന്നിപ്പുറം, ആയയിൽ, പൊഴിയൂർ എന്നീ സ്ഥലങ്ങളിൽ നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പൊഴിയൂർ പാലം നിർമ്മിക്കുന്നതിനായി ഇൻലാൻഡ് നാവിഗേഷൻ വകുപ്പിൽ നിന്നും എൻ.ഒ.സി ലഭിക്കുന്നതിന് നിലവിലെ ഡിസൈനിൽ നിന്നും 3 മീറ്റർ ഉയരം കൂട്ടി പാലം ഡിസൈൻ ചെയ്യേണ്ടതായുണ്ട്. ഇത്തരത്തിൽ വ്യതിയാനം വരുത്തിയാൽ സ്ഥലം ഏറ്റെടുക്കേണ്ടതായി വരും. പരമാവധി സ്ഥലം ഏറ്റെടുക്കുന്നത് കുറയ്ക്കാനായി മറ്റ് അലൈൻമെന്റുകൾ കൂടി പരിഗണിക്കേണ്ടതായുണ്ട്. ഇതിനായി, സർവ്വേ നടത്തുന്നതിനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. സർവ്വേ പൂർത്തീകരിച്ച് അലൈൻമെന്റ് തീരുമാനിക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാകുകയും ചെയ്യുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുന്നതാണ്.<br><br>കുന്നിപ്പുറം പാലത്തിന് 30/12/2023 ൽ 9.86 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയ്ക്കായി കിഫ്ബി 21/08/2017 ൽ അനുവദിച്ച സാമ്പത്തിക അനുമതി തുക അപര്യാപ്തമായതിനാൽ പുതുക്കിയ സാമ്പത്തിക അനുമതിയ്ക്കായി 14/01/2024 ൽ കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br><br>ആയയിൽ മുള്ളറ വിള പാലത്തിന് ആകെ 20.06 കോടി രൂപയാണ് സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളത്. നിലവിൽ പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കലിനായി കിഫ്ബിയിൽ നിന്നും 2.97 കോടി രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. നഷ്ടപരിഹാര തുക അനുവദിക്കുന്നതിലേയ്ക്കായി അവശേഷിക്കുന്ന വർക്കിംഗ് ഫണ്ട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻപ്രകാരം അനുമതിക്കായി കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മേൽപ്പറഞ്ഞ ഓരോ പാലങ്ങൾക്കും ഡി.പി.ആർ. പ്രകാരം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദമാക്കാമോ? | (ബി) | പൊഴിയൂർ പാലത്തിന്റെ പുനർ നിർമ്മാണത്തിന് ഡി.പി.ആർ. അനുസരിച്ച് 03/03/2023 ൽ 867 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കുന്നിപ്പുറം പാലത്തിന് ഡി.പി.ആർ പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക അടക്കം 9.86 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് കിഫ്ബിയിൽ നിന്നും ലഭിച്ചത്. ഇതിൽ 5.27 കോടി രൂപ സ്ഥലം ഏറ്റെടുക്കലിനായി ചെലവഴിച്ചു. തുടർന്ന് പാലം നിർമ്മാണത്തിനും യൂട്ടിലിറ്റി ഷിഫ്റ്റിംഗിനും ചേർത്ത് 9.86 കോടി രൂപയുടെ സാങ്കേതിക അനുമതി 30/12/2023 ൽ നൽകി. ഈ തുകയും സ്ഥലം ഏറ്റെടുക്കലിന് ചെലവഴിച്ച തുകയും ചേർത്ത് 15.16 കോടി രൂപയുടെ പുതുക്കിയ സാമ്പത്തിക അനുമതിയ്ക്കായി 14/01/2024 ൽ കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br><br>മുള്ളറവിള പാലത്തിന് ഡി.പി.ആർ പ്രകാരം 20.06 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് ലഭിച്ചിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കൽ, പാലം നിർമ്മാണം എന്നിവ ഉൾപ്പെടെയാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. നിലവിൽ പ്രവൃത്തി സ്ഥലം ഏറ്റെടുക്കൽ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ